മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 1,22,00,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1 കോടി 50 ലക്ഷം രൂപ പദ്ധതി ഇനത്തിൽ അനുവദിച്ച് ഉത്തരവാകുകയും ആയതനുസരിച്ച് എക്സൈസ് അക്കാദമിയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം 48 മോട്ടോർ ബൈക്കുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 24 ലക്ഷം രൂപ ചെലവാക്കി 48 ബൈക്കുകൾ കൂടി വാങ്ങി ഫീൽഡ് യൂണിറ്റുകളിലേക്ക് നൽകുന്നതിനായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

ഫീൽഡ് യൂണിറ്റികളിലെ അസി. എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ആഫീസർ എന്നീ റാങ്കുകൾ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡ് കണക്ഷൻ നൽകാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ റെയിൻ കോട്ടുകൾ, ഡിജിറ്റൽ ക്യാമറകൾ, ലാത്തി, സിഗ്നൽ ലൈറ്റ് ബാറ്റൺ എന്നിവ വാങ്ങുന്നതിനും നടപടികൾ നടന്നുവരുന്നു. ഫീൽഡ് ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഫർണിച്ചർ വാങ്ങുന്നതിന് 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുള്ളതും ആയത് ഉപയോഗിച്ച് സംസ്ഥാനത്തുടനീളം ആഫീസുകളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

എക്സൈസ് വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന

106 (107) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻവഴി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും മൊത്തം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായിട്ടുണ്ട് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 സാമ്പത്തികവർഷം നാളിതുവരെ മൊത്തം എത്രകോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; മുൻവർഷം ഇതേ കാലയളവിൽ വില്പന നടത്തിയിരുന്ന മദ്യം എത്ര കോടി രൂപയുടേതായിരുന്നു ; വിശദമാക്കുമോ ;

(സി) 2014-15 സാമ്പത്തികവർഷം നാളിതുവരെ മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ച വരുമാനം എത്ര കോടി രൂപയുടേതായിരുന്നു ; മുൻവർഷം ഇതേ കാലയളവിൽ മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയുടേതായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻവഴി ഈ സർക്കാരിന്റെ കാലത്ത് 2011-12 വർഷത്തിൽ 7861.74 കോടി രൂപയുടെയും 2012-13 വർഷത്തിൽ 8818.18 കോടി രൂപയുടെയും 2013-14 വർഷത്തിൽ 9350.18 കോടി രൂപയുടെയും 2014-15 വർഷത്തിൽ (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെയും മദ്യവില്പന നടത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെ മദ്യവും മുൻവർഷം ഇതേ കാലയളവിൽ (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5378.56 കോടി രൂപയുടെ മദ്യവും വില്പന നടത്തിയിരുന്നു.

(സി) 2014-15 സാമ്പത്തിക വർഷം (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4648.41 കോടി രൂപയുടെയും മുൻ വർഷം ഇതേകാലയളവിൽ (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4386.16 കോടി രൂപയുടെയും വരുമാനം മദ്യവില്പനയിലൂടെ ഖജനാവിലേക്ക് ലഭിച്ചു.

ബിവറേജസ് കോർപ്പറേഷനിലെ വിദേശമദ്യ വിൽപ്പനയുടെ വിശദവിവരം

107 (108) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ വിദേശമദ്യ വില്പന ശാലകൾ ഉണ്ടായിരുന്നോ ; അവയിൽ എത്രയെണ്ണം അടച്ചു പൂട്ടുകയുണ്ടായി ;

(ബി) അടച്ചുപൂട്ടുന്നതിന് വില്പനശാലകളെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം നാളിതുവരെ എത്ര കോടി രൂപയുടെ വില്പന നടത്തുകയുണ്ടായി; മുൻവർഷം ഇതേ കാലയളവിൽ

LIBRARY ARCHIVES Kerala Legislative Assembly